പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1295

31/10/2019-ൽ
മറുപടിയ്ക്ക്

# അങ്കമാലി നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ നവീകരണം

| ചോദ്യം<br>ശ്രീ. റോജി എം. ജോൺ | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പൊതു വിദ്യാലയങ്ങളുടെ നവീകരണത്തിനും നിർമ്മാണങ്ങൾക്കും 2016-17 മുതൽ നാളിതുവരെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ വർഷങ്ങളായി ആരംഭിക്കാത്തതിന്റെ കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ 5 കോടി കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നിർമ്മാണത്തിനായി MGMHSS നായത്തോടിന് ഭരണാനുമതി നൽകി, സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നു. അഡ്മിൻ ബ്ലോക്കിന്റെ 60% പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ അനുവദിച്ച 500 മുതൽ 1000 കുട്ടികൾ വരെ പഠിക്കുന്ന സ്കൂളുകളിൽ നിന്നും കിഫ്ബി ഫണ്ടുപയോഗിച്ചുള്ള ഒരു കോടി കെട്ടിട നിർമ്മാണത്തിനായി അങ്കമാലി നിയോജക മണ്ഡലത്തിൽ നിന്നും ഭരണാനുമതി നൽകിയ നാല് സ്കൂളുകൾ ഗവ. എച്ച്.എസ്.എസ്. മുക്കന്നൂർ, ഗവ.എച്ച്. എസ്.എസ്. മഞ്ഞപ്ര, ഗവ. എച്ച്.എസ്.എസ്. പാലിശ്ശേരി, ഗവ. എച്ച്.എസ്. പുളിയനം എന്നിവയാണ്. |
| (ബി) മണ്ഡലത്തിലെ എം.ജി.എം. എച്ച്എസ്.എസ്. 6 കോടി, പാലിശ്ശേരി എച്ച്എസ്.എസ്. - 3 കോടി, മഞ്ഞപ്ര എച്ച്എസ്.എസ്.-1 കോടി, കുറുമശ്ശേരി യു.പി.എസ്. ഓഡിറ്റോറിയം - 21 ലക്ഷം , മാമ്പ്ര പാറക്കടവ് എൽ.പി.എസ്.- 120 ലക്ഷം, പാറക്കടവ് ജി.എൽ.പി എസ്.- 120 ലക്ഷം , പുളിയനം എച്ച്എസ്. - 1 കോടി , മൂക്കന്നൂർ എച്ച്എസ്. - 1 കോടി എന്നീ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാക്രമം അനുവദിച്ച തുക വിനിയോഗിച്ച് | (ബി), (സി) & (ഡി) | എം.ജി.എം. എച്ച്.എസ്.എസ്. നായത്തോട് - പണി നടന്നു കൊണ്ടിരിക്കുന്നു. എൽ.പി.ബ്ലോക്ക് (G+2) പൂർത്തിയാക്കി. 1-ാം ബ്ലോക്കിന്റെ (G+2) ഡിമോളിഷൻ പൂർത്തിയാക്കി.<br>പാലിശ്ശേരി എച്ച്.എസ്.എസ്, മഞ്ഞപ്ര എച്ച്.എസ്.എസ്., പുളിയനം എച്ച്.എസ്., മൂക്കന്നൂർ എച്ച്.എസ്. എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുകയും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV ആയി 'കില'യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടില്ല. |

എസ്റ്റിമേറ്റെടുത്ത് ടെണ്ടറും നടത്തി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) മേൽ സ്കൂളുകളുടെ പ്രവൃത്തികൾക്ക് ഏതൊക്കെ ഏജൻസികൾക്കാണ് നിർമ്മാണ ചുമതല നിശ്ചയിച്ചിട്ടുള്ളത്; നാളിതുവരെ ഓരോ ഏജൻസിയും നടത്തിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണങ്ങൾ സർക്കാർ പരിശോധിക്കുമോ; വിശദാംശം സ്കൂൾ പട്ടികതിരിച്ച് ലഭ്യമാക്കുമോ?

ജി.യു.പി.എസ് കുറുമശ്ശേരി

കുറുമശ്ശേരി യു.പി.എസ്. പ്ലാൻ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. PWD ആണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. ഓഡിറ്റോറിയം പണി ആരംഭിക്കുന്നതിനുള്ള ടെണ്ടർ ആയിട്ടുണ്ട്. ജി.എൽ.പി.എസ് പാറക്കടവ്, ജി.എൽ.പി.എസ്സ് മള്ളുശ്ശേരി. ജി.എൽ.പി.എസ്. മാമ്പ്ര , പാറക്കടവ് എന്നീ സ്കൂളുകൾക്ക് പ്രളയ ദുരിതാശ്വാസ പുനർ നിർമ്മാണ പ്രവർത്തികൾക്കായി കേരള സംസ്ഥാനത്തിന് പുറത്തു നിന്നുള്ള ബഹു.എം.പി മാരുടെ എം.പി.എൽ.എ.ഡി ഫണ്ടിൽ നിന്നും 120 ലക്ഷം ( നൂറ്റി ഇരുപതു ലക്ഷം ) രൂപ വീതം അനുവദിച്ച് കിട്ടിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പാറക്കടവ് ബ്ലോക്ക് വഴിയാണ് നടപ്പിലാക്കുന്നത്.

ഇതിൽ ജി.എൽ.പി.എസ് പാറക്കടവ്, ജി.എൽ.പി.എസ് മള്ളുശ്ശേരി എന്നിവയുടെ എസ്റ്റിമേറ്റിൽ ഡ്രോയിംഗ് മാറ്റം വരുത്തുന്നതിന് വീണ്ടും സമർപ്പിച്ചിട്ടുണ്ട്.

ജി.എൽ.പി.എസ് മാമ്പ്ര പാറക്കടവിന്റെ കെട്ടിടം പണിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്.

Nanitha.P

**സെക്ഷൻ ഓഫീസർ**

12/02/2020